ഇന്നൊരുക്കാം
ഓറഞ്ച്
വസന്തം!

കളർ റിയാലിറ്റി ഷോയിൽ
ഇന്ന് – ഓറഞ്ച്

ഓറഞ്ചണിഞ്ഞു കലോത്സവം
കാണാൻ വന്നാൽ സമ്മാനം

കാഞ്ഞങ്ങാട്ട് കലോത്സവ വേദികളിൽ എത്തുന്ന കാണികൾക്കായി മനോരമയും ഇമ്മാനുവൽ സിൽക്സും ചേർന്നൊരുക്കുന്ന കളർ റിയാലിറ്റി ഷോയിൽ ഇന്നത്തെ നിറം ഓറഞ്ച്!

ഓറഞ്ചിന്റെ ഷെയ്ഡുകളിലുള്ള വസ്ത്രമോ ആക്സസറിയോ ധരിച്ച് കലോത്സവ വേദികളിലെത്തുന്നവരിൽ 10 ഭാഗ്യശാലികൾക്കു ഗിഫ്റ്റ് വൗച്ചറുകൾ സമ്മാനം.

അപ്പോൾ, ഓറഞ്ചണിഞ്ഞു വരൂ, മനോരമ സംഘം നിങ്ങളെ കാത്ത് കലോത്സവവേദികളിലുണ്ടാകും!

Emmanuval SILKS
KANHANGAD KANNUR THRISSUR



മലയാള മനോരമ

ഫെസ്റ്റ്... ഡാ

ഇത് കലയുടെ കാസർകോടാ!

കേരള സ്കൂൾ കലോത്സവം
നവംബർ 28 – ഡിസംബർ 1

2019
നവംബർ 30
ശനി




**നിറങ്ങൾ തൻ നൃത്തം:** കാഞ്ഞങ്ങാട്ട് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർസെക്കൻഡറി വിഭാഗം സംഘനൃത്തത്തിൽ എ ഗ്രേഡ് നേടിയ കണ്ണൂർ പയ്യന്നൂർ ജിഎച്ച്എസ്എസിലെ അർച്ചന എസ്.കുമാറും സംഘവും.

## ഹാസർകോട്

കലോത്സവവേദികളിൽ കണ്ട ചിരിക്കാഴ്ചകൾ









# കാസ്രോട് കലയുടെ കൂട്

കളികൾ കാസർകോഡിന്റെ തനിമയാണ് ; കാണികൾ ഞങ്ങളുടെ പൈതൃകമാണ്

## കാസർകോടിന്റെ തനിമയുള്ള കലാരൂപങ്ങൾക്ക് ആസ്വാദകരേറെ

കാഞ്ഞങ്ങാട്● കാസർകോടിന്റെ മണ്ണിൽ പിറവിയെടുക്കുകയും പ്രചാരത്തിലാവുകയും ചെയ്ത കലാരൂപങ്ങളായ പൂരക്കളിയും യക്ഷഗാനവും വേദിയിലെത്തിയപ്പോൾ കാഴ്ചക്കാരേറെ.

തുളുനാടിൽ ആകെ വ്യാപിച്ചുകിടക്കുന്ന തെയ്യങ്ങൾക്കു പുറമേ, മംഗലംകളിയും ആലാമിക്കളിയും യക്ഷഗാനവും പൂരക്കളിയും എരുതുകളിയുമെല്ലാം ജില്ലയുടെ സ്വന്തം കലാരൂപങ്ങളാണ്. ഇതിൽ യക്ഷഗാനവും പൂരക്കളിയും മാത്രമാണ് കലോത്സവ മത്സര ഇനം. ബാക്കി ഇനങ്ങൾ കലോത്സവ നഗരിയിൽ അവതരിപ്പിച്ചിരുന്നു.

### ● മംഗലംകളി



ആദിവാസി ഗോത്ര വിഭാഗങ്ങളുടെ പേരും പെരുമയുമായ ഇനമാണ് മംഗലംകളി. ആദിവാസികൾ ഏറെയുള്ള ജില്ലയിൽ 28 വർഷങ്ങൾക്കു ശേഷം നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എത്തുന്ന കലാപ്രതിഭകളെ വരവേറ്റതു പ്രധാന വേദിയിൽ നടന്ന മംഗലം കളിയിലൂടെയാണ്. . മലവേട്ടുവ, മാവില സമുദായങ്ങളിൽ നടക്കുന്ന വിവാഹം, ജനനം തുടങ്ങിയ ആഘോഷങ്ങളോട് അനുബന്ധിച്ചാണു മംഗലം കളി അവതരിപ്പിക്കുന്നത്.

### ● പൂരക്കളി

ഉത്തര മലബാറിന് മാത്രം അവകാശപ്പെടാവുന്ന പൂരക്കളി കലോത്സവ ഇനമാണ്. മെയ് വഴക്കവും അടവുകളും മറ്റു പ്രകടനങ്ങളും ചേർന്ന് ആസ്വാദകനെ ഹരംകൊള്ളിക്കുന്നതാണ് പൂരക്കളി. ഈയിനത്തിൽ എന്നും ഒന്നാം സ്ഥാനം കാസർകോട്ടെ കുട്ടികൾക്കു തന്നെയാണ്. ഈ കല കേരളം മുഴുവൻ ശ്രദ്ധിക്കപ്പെട്ടതു കലോത്സവങ്ങളിൽ മത്സര ഇനമാക്കിയ ശേഷമാണ്. കലയും കളിയും ഇഴുകിച്ചേർന്ന ഈ കലാരൂപത്തെ നിലവിൽ നാടൻ കലകളോടൊപ്പമാണ് ചേർത്തിരിക്കുന്നത്.

### ● യക്ഷഗാനം

കഥകളിയുമായി സാമ്യമുള്ള കലയാണ് 'ബയലാട്ടം' എന്നറിയപ്പെടുന്ന യക്ഷഗാനം. യക്ഷഗാനം പ്രചാരത്തിലുള്ള ഒരേയൊരു ജില്ല കാസർകോടാണ്. കർണാടകത്തിന്റെ ചിലഭാഗങ്ങളിലും ഈ കലാരൂപം സജീവമാണ്. ഭക്തിയും മതാചാരങ്ങളും സാധാരണക്കാരിലേക്ക് പകരുന്ന കലയായാണ് യക്ഷഗാനം രൂപപ്പെടുത്തിയത്. നൃത്തവും അഭിനയവും സാഹിത്യവും സംഗീതവുമെല്ലാം ഇഴചേർന്ന യക്ഷഗാനത്തിന് 400 ലേറെ വർഷം പഴക്കം കണക്കാക്കുന്നു.

### ● ആലാമിക്കളി

കാഞ്ഞങ്ങാടിന് സമീപം ആലാമിപ്പള്ളി എന്ന പേരിൽ സ്ഥലമുണ്ട്. പള്ളിയും അലാമിക്കളിയുമെല്ലാം ചേർന്നാണ് ഈ സ്ഥല നാമം രൂപപ്പെട്ടത്. ഹനഫി വിഭാഗത്തിൽപ്പെട്ടവരുടെ പള്ളികളിലാണ് അലാമിക്കളി അരങ്ങേറിയിരുന്നത്.

### ● എരുതുകളി



ചെകൊമ്പും മെയ്ക്കണ്ണും പൂവാലും വർണിച്ചു പാടി തുലാം മാസം പത്തോടെ വീടുകളിലെത്തിയിരുന്ന ഒരാചാരമായിരുന്നു എരുതുകളി. ആദിവാസി വിഭാഗത്തിലെ മാവില സമുദായത്തിൽ പെട്ടവരാണ് എരുതുകളിയുമായി വീടുകളിലെത്തുന്നത്. ഇപ്പോൾ പിന്തുടരുന്നത് വേങ്ങച്ചേരി കോളനിവാസികൾ മാത്രമാണ്.

## യക്ഷഗാനം വിലയിരുത്താൻ ശങ്കർറൈ



ശങ്കർറൈ

കാഞ്ഞങ്ങാട്● ഒരുമാസം മുൻപ് നടന്ന മഞ്ചേശ്വരം ഉപതിരഞ്ഞെടുപ്പിൽ ജനവിധി എതിരായിരുന്നെങ്കിലും ഇവിടെ വിജയത്തിന്റെ വിധി നിർണയിച്ചത് ശങ്കർറൈ തന്നെ. ഉപതിരഞ്ഞെടുപ്പിൽ ഇടത് സ്ഥാനാർഥിയായി മത്സരിച്ച ശങ്കർറൈയാണ് യക്ഷഗാന മൽസരത്തിന്റെ വിധികർത്താവായി എത്തിയത്.

കേരളംമുഴുവൻ ഉറ്റു നോക്കിയ മഞ്ചേശ്വരം ഉപതിരഞ്ഞെടുപ്പിൽ ശക്തമായ പോരാട്ടം നടത്തിയ ശങ്കർറൈ അറിയപ്പെടുന്ന യക്ഷഗാന കലാകാരനാണ്. 14 ജില്ലകളിൽ നിന്ന് എത്തിയ ടീമുകളുടെ പ്രകടനം കൃത്യമായി വിലയിരുത്തി വിധി നിർണയം നടത്തിയ ശങ്കർറൈയ്ക്കു യക്ഷഗാനം ജീവവായുപോലെയാണ്.

കർണാടകയിൽ സജീവമായിരുന്ന യക്ഷഗാനത്തെ കേരളത്തിൽ ജനകീയമാക്കുന്നതിൽ നിർണായക പങ്ക് വഹിച്ച വ്യക്തിയാണു ശങ്കർ. സിപിഎം ജില്ലാ കമ്മിറ്റി അംഗംകൂടിയാണ് ഈ കലാകാരൻ.







